(ബി) റബ്ബർ, തേയില, കുരുമുളക്, ഏലം, സുഗന്ധദ്രവ്യങ്ങൾ, കാപ്പി, അടയ്ക്കാ മരം എന്നിവയ്ക്കുണ്ടാകുന്ന നഷ്ടം പരിഗണിക്കത്തക്കവിധത്തിൽ മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന് എന്തെല്ലാം കാര്യങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വരൾച്ചമൂലം കൃഷി മേഖലയിൽ സംഭവിക്കുന്ന എല്ലാ നാശനഷ്ടങ്ങൾക്കും അർഹമായ ധനസഹായം ലഭിക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ വ്യവസ്ഥയുണ്ടെങ്കിലും ചെറുകിട നാമമാത്ര കർഷകർക്ക് 50 ശതമാനത്തിൽ അധികം കൃഷി നശിച്ചാൽ മാത്രമേ ധനസഹായം കൊടുക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥ കേരളത്തെ സംബന്ധിച്ചിടത്തോളം സഹായകരമല്ല. അത് റദ്ദാക്കണമെന്ന് പല പ്രാവിശ്യം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി, സി) വരൾച്ചാ ദുരിതാശ്വാസ ഫണ്ടിനായി സമഗ്രമായ മെമ്മൊറാണ്ടം തയ്യാറാക്കുമ്പോൾ ഇത്തരം നാണ്യവിളകളുടെ നഷ്ടം പ്രത്യേകമായി തിട്ടപ്പെടുത്തി എൻ.സി.സി.എഫ്.-ൽ നിന്ന് പ്രത്യേക ധനസഹായം അനുവദിക്കുവാൻ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്.

"കാലവർഷ ക്ഷോഭത്തിൽ ഉണ്ടായ നഷ്ടങ്ങൾ"

34 [648] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷ ക്ഷോഭത്തിൽ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ എന്നു വ്യക്തമാക്കാമോ;

(സി) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ആളുകൾ മരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേർ മരിച്ചു; എത്ര ആളുകൾക്ക് പരിക്കുപറ്റി എന്ന് വെളിപ്പെടുത്താമോ;

(ഇ) എത്ര വീടുകൾ പൂർണ്ണമായും എത്ര വീടുകൾ ഭാഗികമായും തകർന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. മഴ ഇപ്പോഴും തുടരുന്നതിനാൽ യഥാർത്ഥ മൊത്തം നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

(സി, ഡി) 25-6-2004 വരെ 84 ആളുകൾ മരിച്ചിട്ടുണ്ട്. 13 പേരെ കാണാതായിട്ടുണ്ട്. 140 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്.

(ഇ) 997 വീടുകൾക്ക് പൂർണ്ണമായും 14129 വീടുകൾക്ക് ഭാഗികമായും നാശം സംഭവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly